# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2252 | 05/12/2018-ൽ മറുപടിക്ക്

## മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുവാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) |
| എ) മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുവാൻ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ; | എ) കേരളത്തിലെ മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obsterics & Gynaecology) സഹകരണത്തോടെ ഒരു പദ്ധതി തയാറാക്കി കേരളത്തിൽ നടപ്പിലാക്കി വരുന്നു.<br>മാതൃ മരണ നിരക്ക് കുറക്കുന്നതിനുള്ള പദ്ധതി കൂടുതൽ പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ഇപ്പോൾ 40 സർക്കാർ ആശുപതികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.<br>ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി.<br>ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി.<br>ആശുപതികൾക്കു ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസ് കോർപറേഷൻ വഴി വാങ്ങി നൽകി .<br>മാതൃ മരണത്തിന്റെ കാരണം കണ്ടു പിടിക്കുന്നതിനായി മാതൃ മരണ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ മാതൃ മരണ നിരക്ക് കൂടുതൽ കുറക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു.<br>അഡിഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകന യോഗം കാലാകാലങ്ങളിലായി നടത്തി വരുന്നു. പ്രസ്തുത യോഗത്തിൽ മാതൃ മരണത്തിന്റെ കാരണങ്ങൾ അവലോകനം ചെയ്യുകയും അത് തടയുന്നതിന് വേണ്ടിയുള്ള നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.<br>ഇത് കൂടാതെ ജില്ലാ തല അവലോകന യോഗത്തിൽ മാതൃ മരണ നിരക്ക് അവലോകനം ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിലും നടപടി സ്വീകരിച്ചു വരുന്നു.<br>നാഷണൽ ഹെൽത്ത് മിഷൻ ആശുപത്രികളിലെ പ്രസവ മുറി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>മാതൃ മരണ നിരക്ക് 2020 -ൽ 30 ആയും, 2030 -ആണ്ടോടു കൂടി 20 ആയും കുറക്കുക എന്നതാണ് ലക്ഷ്യം. |

| | | |
|---|---|---|
| | | ആരോഗ്യ വകുപ്പ് നാഷണൽ ഹെൽത്ത് മിഷൻ, ഐ.എ.പി (ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്) എന്നിവ സംയുക്തമായി ശിശു മരണ നിരക്ക് കുറക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ എൻ.ബി.എസ്.യു (ന്യൂ ബോൺ സ്റ്റെറിലൈസേഷൻ യൂണിറ്റ്), എസ്.എൻ. സി. യു. (സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്) എന്നിവ ആരംഭിച്ചു.<br>ആധുനിക മെഡിക്കൽ ഉപകരണങ്ങൾ ആശുപത്രികൾക്ക് നൽകി.<br>ശിശു മരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കി വരുന്നു.<br>നവജാത ശിശുക്കളിലെ മെറ്റബോളിക് രോഗങ്ങൾ നേരത്തെ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനായി "ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം" നടപ്പിലാക്കി<br>സംസ്ഥാനത്തെ ശിശു മരണ നിരക്ക് താഴ്ത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നാഷണൽ ഹെൽത്ത് മിഷൻ വഴി നൂതനമായ ശൈശവ ആരോഗ്യ പരിപാടികളായ ശലഭം - കോമ്പ്രിഹെൻസീവ് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം, ഹൃദ്യം, ആർ.ബി.എസ്.കെ, ആരോഗ്യ കിരണം, എസ്.എൻ. സി .യു., എൻ.ബി.സി.സി., എൻ.ബി.എസ്.യു. ലക്ഷ്യ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു |
| ബി) | പ്രസ്തുത പദ്ധതികൾക്കായി ചിലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ? | ബി) മേൽ വിവരിച്ച പദ്ധതികൾ ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി എന്നിവ സംയുക്തമായാണ് നടപ്പിലാക്കുന്നത്.<br>ഇതു കൂടാതെ ആശുപത്രികൾ അവരുടെ തനത് ഫണ്ടുകളും എച്ച്.എം.സി/എച്ച്.ഡി.സി/ആർ.എസ്.ബി.വൈ ഫണ്ടുകളും ഇതിനായി ഉപയോഗിക്കുന്നുണ്ട്. 2018-2019 ലെ Strengthening of Institution under DHS എന്ന പദ്ധതി മുഖേന ഗൈനക്കോളജി, പീഡിയാട്രിക് എന്നീ വിഭാഗങ്ങൾക്ക് വേണ്ടി 153.18 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>എൻ.എച്ച്.എം. മുഖേന നടപ്പിലാക്കുന്ന പ്രജനന ശൈശവ ആരോഗ്യ (RCH – Reproductive Child Health) പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം ഇതുവരെ 251.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ എല്ലാംതന്നെ മാതൃശിശു മരണനിരക്ക് കുറയ്ക്കാനായി ആവിഷ്കരിച്ചവയാണ്. |

സെക്ഷൻ ഓഫീസർ